പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 432 — 21.10.2016-ലെ മറുപടിക്ക്

# കെ. എസ്. ആർ. ടി. സിയുടെ നവീകരണവും ആസൂത്രണവും

**ചോദ്യം**

ശ്രീ. പി.ടി. തോമസ്
" എ.പി. അനിൽ കുമാർ
" എൽദോസ് കുന്നപ്പിള്ളി
" കെ.എസ്.ശബരീനാഥൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സിയുടെ നവീകരണവും ആസൂത്രണവും സംബന്ധിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരി ക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കു ന്നതാണ്. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമ മാക്കി വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ. ടി.സി.യുടെ പ്രവർത്തനം നവീകരിക്കുന്നതി നുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ട് അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം പുതുച്ചേരി, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്. ഓൺലൈൻ റിസർവേഷൻ സംവിധാനം പരിഷ്ക്കരിച്ചതോടു കൂടി യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകളിൽ തിരക്കില്ലാത്ത ദിവസങ്ങളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി നിരക്ക് കുറക്കുന്ന ഫ്ളെക്സി ചാർജ് സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. ദീർഘദൂര സർവ്വീസുകൾക്ക് മൾട്ടി ആക്സിൽ/സ്കാനിയ തുടങ്ങിയ ലക്ഷ്വറി ബസ്സുകൾ കെ.എസ്.ആർ.ടി.സി ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. തീരെ വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ട് വരികയാണ്. ജീവനക്കാരുടെയും തൊഴിലാളി യൂണിയനുകളുടെയും സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തി വരും ദിവസങ്ങളിൽ വരുമാനം വർദ്ധിപ്പിച്ച് നഷ്ടത്തിന്റെ തോത് കുറക്കുവാനും നവീകരിക്കുവാനും കഴിയുമെന്ന് കരുതുന്നു. |
| (ബി) | ഇതു മുൻനിർത്തി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ഹയർ ക്ലാസ് സർവ്വീസുകളുൾപ്പെടെ 750 ബസുകളിൽ ജി.പി.എസ് ഘടിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 5250 ബസുകളിലും ജി.പി.എസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനത്തിനോടനുബന്ധിച്ചുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതുവഴി ഓടിക്കൊണ്ടിരിക്കുന്ന |

| | | | |
|---|---|---|---|
| | | | ബസ്സുകളുടെ സ്ഥാനം, ഓരോ ബസ് സ്റ്റേഷനിലും ബസ് എത്തുന്ന സമയം ബസിന്റെ വേഗത തുടങ്ങിയവ അറിയുവാൻ സാധിക്കും. കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനായി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി.സി.യുടെ രണ്ട് ലോ-ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർ ക്ലാസ് സർവ്വീസുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG) ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ് എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.യുടെ ആസ്ഥാനമായ തേവരയിലും, തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരിയിലും സി.എൻ.ജി ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ |

| | | | |
|---|---|---|---|
| | | | നിരത്തിലിറക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണം കുറയ്ക്കുന്നതിന് ബയോ ഡീസൽ ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. |
| (സി) | ഇത് നടപ്പാക്കുന്നതിനുള്ള ധന സമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ? | (സി) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ